"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -വാഴക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(2) പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ച് ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1845/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 08/10/2020

---

പരാമർശം:- 1 വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ ഭരണ സമിതിയുടെ 5/3/2019-ലെ യോഗത്തിൽ എടുത്ത തീരുമാനം

2 28/9/2020ലെ സ.ഉ(സാധാ) നം 1764/2020/ത.സ്വ.ഭ.വ

3 18/6/2020 ലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ3-10449/19 നമ്പർ കത്ത്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ ആശുപത്രി വികസന സമിതി, വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃസംഘടിപ്പിച്ചത് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191(4) വകുപ്പ് പ്രകാരം പരാമർശം (2) ലെ ഉത്തരവ് മുഖേന താത്കാലികമായി നിർത്തി വയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 5/3/2019 ലെ മേൽ തീരുമാനം റദ്ദ് ആക്കുന്ന വിഷയത്തിൽ തീരുമാനം എടുക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191 (2)-വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിനായി ഈ വിഷയം തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം

സെക്രട്ടറി, വാഴക്കാട് ഗ്രാമ പഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് ഫയൽ

ഉത്തരവിൻ പ്രകാരം

Pradeeshkumar

സെക്ഷൻ ഓഫീസർ